**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 620 29.10.2019-ലെ മറുപടിയ്ക്ക്

**<u>കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2016-17 ബഡ്ജറ്റിൽ കിഫ്ബി പദ്ധതി പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുള്ള ചേലാട് സ്റ്റേഡിയം നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ചേലാട് സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് നടത്തി വന്ന നിർമ്മാണ പ്രവൃത്തികൾ അവസാനിപ്പിച്ച് കോൺട്രാക്ടറെ വിത്തൗട്ട് -റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കി സ്റ്റേഡിയം കിഫ്ബിയ്ക്ക് കൈമാറിയെങ്കിലും ഇതുവരെ സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ എത്ര തുകയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും, ഡി.പി.ആർ.-ൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (സി) | ചേലാട് സ്റ്റേഡിയത്തിനായി 15.78 കോടി രൂപയുടെ ഡി.പി.ആർ ആണ് കിഫ്ബി അംഗീകാരത്തിനായി എസ്.പി.വി. ആയ കിറ്റ്കോ സമർപ്പിച്ചിട്ടുള്ളത്. പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു,<br>• സ്വാഭാവിക പ്രതലത്തോടു കൂടിയ ഫുട്ബോൾ സ്റ്റേഡിയം<br>• 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്<br>• ചെയിഞ്ച് റൂമുകൾ, അനുബന്ധ സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| (ഡി) | കായിക കേരളത്തിന്റെ തലസ്ഥാനം എന്നറിയപ്പെടുന്ന കോതമംഗലത്തെ പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി അംഗീകാരം വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ചേലാട് സ്റ്റേഡിയത്തിന്റെ ഡി.പി.ആർ-മേൽ കിഫ്ബി നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിന് കിറ്റ്കോ നൽകിയ മറുപടി പരിശോധനയിലാണ്. ആയത് പരിശോധിച്ച ശേഷം അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ